# 2011-12 അദ്ധ്യയനവർഷത്തേയ്ക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിയ്ക്കുന്നു.

കേരളത്തിലെ വിദ്യാലയങ്ങളിൽ 1 മുതൽ 10 വരെ സ്റ്റാൻഡേർഡുകളിൽ പഠിക്കുന്നവരും, ന്യൂനപക്ഷ സമുദായങ്ങളായ മുസ്ലീം/ക്രിസ്ത്യൻ വിഭാഗങ്ങളിൽ ഉൾപ്പെടുന്നവരുമായ വിദ്യാർത്ഥിവിദ്യാർത്ഥിനികൾക്ക് 2011-12 വർഷത്തേയ്ക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി അപേക്ഷ ക്ഷണിയ്ക്കുന്നു.

## അപേക്ഷ സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. അപേക്ഷഫോറവും, വിശദവിവരങ്ങളും - **www.education.kerala.gov.in, www.itschool.gov.in** എന്നീ വെബ്സൈറ്റുകളിലെ **"Pre-Matric Scholarship 2011-12"** എന്ന പേജിൽ ലഭ്യമാണ്.
2. കേന്ദ്രന്യൂനപക്ഷ മന്ത്രാലയത്തിന്റെ **www.minorityaffairs.gov.in** എന്ന വെബ്സൈറ്റിലുള്ള അപേക്ഷാഫോറത്തിന്റെ മാതൃകയിൽ ആവശ്യമായ ഭേദഗതികൾ വരുത്തി തയ്യാറാക്കിയ നമ്പർ എൻ2/20034/2011/ഡി.പി.ഐ എന്ന നമ്പറിലുള്ള അപേക്ഷാഫോറത്തിൽ മാത്രമേ അപേക്ഷിക്കാവൂ.
3. സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് (ഗവൺമെന്റ് അംഗീകാരമുള്ളവ), അഫിലിയേഷനുള്ള സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ എന്നീ സ്കൂളുകളിലെ ഒന്നു മുതൽ 10 വരെ സ്റ്റാൻഡേർഡുകളിൽ പഠിക്കുന്ന മുസ്ലീം/ക്രിസ്ത്യൻ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികളാണ് അപേക്ഷ സമർപ്പിക്കേണ്ടത്.
4. അപേക്ഷകരുടെ രക്ഷകർത്താവിന്റെ വാർഷികവരുമാനം 1,00,000/- രൂപയിൽ കവിയാൻ പാടില്ല. അപേക്ഷകർ വാർഷിക പരീക്ഷയിൽ 50 ശതമാനമോ അതിൽ കൂടുതലോ മാർക്ക് കരസ്ഥമാക്കിയവരുമായിരിക്കണം (ഒന്നാംസ്റ്റാൻഡേർഡിലെ വിദ്യാർത്ഥികൾക്ക് മാർക്ക് നിബന്ധന ബാധകമല്ല).
5. വാർഷികവരുമാനം, അപേക്ഷകന്റെ മതം എന്നിവ തെളിയിക്കുന്നതിന് 10 രൂപ വിലയുള്ള ഒരു മുദ്രപ്പത്രത്തിൽ മാത്രം രക്ഷകർത്താവിന്റെ സത്യവാങ്മൂലം അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
6. ഒരു കുടുംബത്തിലെ പരമാവധി രണ്ട് വിദ്യാർത്ഥികൾക്ക് മാത്രമേ സ്കോളർഷിപ്പിന് അർഹതയുള്ളൂ.
7. കേന്ദ്രസർക്കാരിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടായിരിക്കും സ്കോളർഷിപ്പ് അനുവദിക്കുക.
8. പൂരിപ്പിച്ച അപേക്ഷകൾ വിദ്യാർത്ഥി പഠിക്കുന്ന സ്കൂൾ പ്രധാനാധ്യാപകൻ/പ്രിൻസിപ്പലിന് നിശ്ചിത തീയതിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ജില്ലാവിദ്യാഭ്യാസ

ആഫീസ്, ഉപജില്ലാവിദ്യാഭ്യാസ ആഫീസ് എന്നിവിടങ്ങളിൽ അപേക്ഷകൾ സമർപ്പിക്കുവാൻ പാടുള്ളതല്ല. വിദ്യാർത്ഥി പഠിക്കുന്ന സ്കൂളുകൾ മുഖേനയല്ലാതെ ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

9. പ്രധാനാധ്യാപകൻ/പ്രിൻസിപ്പൽ നിർബന്ധമായും അപേക്ഷയിൽ സ്കൂൾ കോഡ്, പരിശോധനക്കുറിപ്പ് എന്നിവ രേഖപ്പെടുത്തേണ്ടതാണ് (സ്കൂൾ കോഡ് വെബ്സൈറ്റിൽ ലഭ്യമാണ്).
10. മുൻവർഷങ്ങളിൽ സ്കോളർഷിപ്പ് തുക ലഭിച്ചിട്ടുള്ളവർ, പുതുക്കുന്നതിനായി അപേക്ഷയിൽ **'RENEWAL'** എന്ന് രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്. മുൻവർഷങ്ങളിൽ അപേക്ഷിച്ചിരുന്നവരും, ഈ വർഷത്തേയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.
11. അപേക്ഷകൾ, പ്രധാനാധ്യാപകൻ/പ്രിൻസിപ്പൽ സ്കൂൾ രേഖകളുമായി (പേര്, മാർക്ക്, മതം തുടങ്ങിയവ) സൂക്ഷ്മപരിശോധന നടത്തിയശേഷം സ്വീകരിക്കുന്നവയിൽ പരിശോധനക്കുറിപ്പ് രേഖപ്പെടുത്തേണ്ടതാണ്.സ്വീകരിക്കുന്ന അപേക്ഷകൾ പട്ടികതയ്യാറാക്കി യഥാസമയം ജില്ലാവിദ്യാഭ്യാസ ആഫീസർ/ഉപജില്ലാവിദ്യാഭ്യാസ ആഫീസർ എന്നിവരെ ഏൽപിക്കേണ്ടതാണ്.
12. അപൂർണ്ണവും, അവസാന തീയതിക്ക് ശേഷം ലഭിക്കുന്നതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.
13. അപേക്ഷകൾ പൂരിപ്പിക്കുന്നതിന് അധ്യാപകരുടെയോ, പ്രധാനാധ്യാപകന്റേയോ സഹായം തേടാവുന്നതാണ്.
14. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി - **2011 ജൂൺ 30** ആണ്.


**പൊതുവിദ്യാഭ്യാസഡയറക്ടറുടെ കാര്യാലയം**

**തിരുവനന്തപുരം-695014**

**ഫോൺ- 0471-2328438**

**ഇ-മെയിൽ: scholarshipdpi@gmail.com**